# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 31-01-2018 ൽ മറുപടിയ്ക്ക്
ചോദ്യം നമ്പർ : 1808

## വിഴിഞ്ഞം തുറമുഖം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്ജ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖത്തിന്റെ പണികൾ സർക്കാർ ദൈനംദിനം വിലയിരുത്താറുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതിഗതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; | (എ) പദ്ധതിയുടെ ദൈനം ദിന വിലയിരുത്തലിനു വേണ്ടി കരാർ പ്രകാരം STUP Consultants എന്ന "Independent Engineer" നെ നിയോഗിച്ചിട്ടുണ്ട്. Independent Engineer മാസംതോറും സർക്കാരിന് സമർപ്പിക്കുന്ന പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പദ്ധതി വിലയിരുത്തിവരുന്നു.<br><br>തുറമുഖത്തിന്റെ ഡ്രെഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ 565 മീറ്ററിന്റെ കോർ നിർമ്മാണം പൂർത്തിയായി. 800 മീറ്റർ നീളമുള്ള കണ്ടെയ്നർ ബർത്തിന് വേണ്ടിയിട്ടുള്ള 60 പൈലുകളുടെ നിർമ്മാണവും പൂർത്തീകരിച്ചു. കണ്ടെയ്നർ യാർഡ്, അനുബന്ധ കെട്ടിടങ്ങൾ, പോർട്ടിലേയ്ക്കുള്ള 2.1 കി. മീ അപ്രോച്ച് റോഡ്, 14 കി. മീ നീളം വരുന്ന ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>ഓഖി ചുഴലിക്കാറ്റ്, പാറ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, മറ്റ് പ്രശ്നങ്ങൾ എന്നിവ ചില തടസ്സങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും സമയബന്ധിതമായി പദ്ധതി പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) തുറമുഖ നിർമ്മാണത്തിനായി ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് ; | (ബി) തുറമുഖ നിർമ്മാണത്തിനുള്ള ഭൂമി സർക്കാർ ഏറ്റെടുത്തു നൽകേണ്ടതാണ്. ഇതുകൂടാതെ ബ്രേക്ക് വാട്ടർ |

നിർമ്മാണത്തിനായി 267 കോടി രൂപ മൊബിലൈ സേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്. 25-10-2017 വരെ ടി പ്രോജക്ടിനുവേണ്ടി 1199.54 കോടി രൂപ നിർമ്മാണ കമ്പനി ചെലവഴിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വിഴിഞ്ഞം തുറമുഖത്തിനായി മാറ്റി പാർപ്പിച്ച ജനങ്ങൾക്ക് എത്ര കോടി രൂപ നാളിതു വരെ കൊടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) | വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുത്തതുവഴി വീടുകൾ നഷ്ടപ്പെട്ട 88 പേർക്ക് ഭൂമിയുടെ വിലയും കെട്ടിടത്തിന്റെ വിലയും കൂടാതെ 5 സെന്റ് സ്ഥലം വീതം സൗജന്യമായി കൊടുത്തിട്ടുണ്ട്. ഇവർക്ക് 6 മാസത്തെ വാടകയും, കഷ്ടത അലവൻസുമായി 32,04,000/- (മുപ്പത്തിരണ്ട് ലക്ഷത്തി നാലായിരം രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| ഡി) | ബാക്കി തുക കൊടുത്ത് തീർക്കാനുണ്ടോ ; എത്ര കോടി കൊടുത്ത് തീർക്കാനുണ്ട് ; വ്യക്തമാക്കാമോ ; | ഡി) | സ്ഥലം വിട്ടുനൽകിയ ഭൂവുടമകൾക്കാർക്കും ബാക്കി തുക കൊടുത്ത് തീർക്കാനില്ല. |
| ഇ) | പ്രസ്തുത ആവശ്യത്തിലേയ്ക്ക് വിഴിഞ്ഞത്ത് എത്ര തരം തുറമുഖ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ; ഏതൊക്കെ ; എത്ര ഉദ്യോഗസ്ഥർ ഇവിടെ പണിയെടുക്കുന്നു ; എന്ന് മുതലാണ് ഓഫീസുകൾ പ്രവർത്തിച്ചുവരുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | ഇ) | വിഴിഞ്ഞം പ്രോജക്ടിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി തഹസിൽദാരുടെ കീഴിൽ 18 പേർ ഉൾപ്പെടുന്ന സ്പെഷ്യൽ ലാന്റ് അക്വസിഷൻ യൂണിറ്റ് 2009 ഡിസംബർ മുതൽ പ്രവർത്തിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**